പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5350

2.7.2013 ൽ
മറുപടിയ്ക്ക്

## ചീമേനി ഐ.ടി. പാർക്കിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്കിന്റെ തറക്കല്ലിടൽ നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സംരംഭം യാഥാർത്ഥ്യമാക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ ;<br><br>ബി) പ്രസ്തുത ഐ.ടി. പാർക്ക് നിർമ്മിക്കുന്നതിൽ നിന്നും സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ ;<br><br>സി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ), (ബി) ആന്റ് (സി)<br><br>കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള തറക്കല്ലിടൽ കർമ്മം 2010 മേയ് 21 ന് നിർവഹിച്ചിരുന്നു. എന്നാൽ പാർക്കിന് വേണ്ടി 23.9.2010 ൽ 100 ഏക്കർ സ്ഥലം കൈമാറി ലഭിച്ച സ്ഥല കൈമാറ്റ ഉത്തരവിലെ റീസർവ്വെ നമ്പരിലെ പിശക് തിരുത്തികിട്ടിയത് 16.7.2012 നാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ